ഉത്തരം

(എ) ധാരാളം ബസുകൾ ഈ റൂട്ടിലൂടെ ചാലക്കുടി വരെ സർവ്വീസ് നടത്തുന്നതു കൊണ്ടും ബസുകളുടെ ദൗർലഭ്യം നിമിത്തവും ഈ സർവ്വീസ് ആരംഭിക്കാൻ നിർവ്വാഹമില്ല.

(ബി&സി) ബസുകളുടെ ദൗർലഭ്യം പരിഹരിക്കപ്പെടുന്ന മുറയ്ക്ക് ഈ സർവ്വീസിനുള്ള സാദ്ധ്യത പരിശോധിക്കുന്നതാണ്.

വാഹനനിയമം ഫലപ്രദമായി നടപ്പിലാക്കുന്നതിന് ആവശ്യമായ ജീവനക്കാർ ഇല്ല എന്ന പരാതി

74 (3606) ശ്രീമതി കെ. ആർ ഗൗരിയമ്മ :
ശ്രീ. ടി. എം. ജേക്കബ് :
ശ്രീ. ആർ. ബാലകൃഷ്ണപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വാഹനനിയമം ഫലപ്രദമായി നടപ്പിലാക്കുന്നതിന് ആവശ്യമായ ജീവനക്കാർ മോട്ടോർ വാഹനവകുപ്പിൽ ഇല്ല എന്ന പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട് ;

(ബി) ഡ്രൈവിംഗ് ലൈസൻസ് നൽകുന്നതിനും വാഹനങ്ങൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകുന്നതിനും ജീവനക്കാരുടെ കുറവുമൂലം കാലതാമസമുണ്ടാകുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ആവശ്യത്തിന് ജീവനക്കാർ ഇല്ലാത്തതുകൊണ്ട് വാഹന നികുതി പൂർണമായി പിരിച്ചെടുക്കാൻ കഴിയാത്ത സാഹചര്യം ഉണ്ടോ ;

(ഡി) വാഹന വകുപ്പിൽ ഒഴിവുള്ള അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർമാരെ പി. എസ്. സി. റാങ്ക് ലിസ്റ്റിൽ നിന്നും നിയമിച്ച് വാഹന വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമമാക്കാനുള്ള നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ;

(ഇ) 1999-2000 വർഷത്തേക്ക് വാഹനവകുപ്പിൽ നിന്നും ലക്ഷ്യമിട്ട 431 കോടി രൂപയുടെ വരുമാനത്തിൽ ഫെബ്രുവരി അവസാനം വരെ എന്തു തുക ലഭിച്ചിട്ടുണ്ട് ;

(എഫ്) സി.എ.ജി. റിപ്പോർട്ടിൽ അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർമാരുടെ എൻഫോഴ്സ്മെന്റ് സ്കാഡ് ഇല്ലാത്തതാണ് നികുതി പിരിച്ചെടുക്കാൻ കഴിയാത്തതിന്റെ കാരണമെന്ന് പറഞ്ഞിട്ടുണ്ടോ ;

(ജി) വാഹന വകുപ്പിലെ നികുതി പിരിവുമായി ബന്ധപ്പെട്ട എന്തെങ്കിലും പരാമർശം സി. എ. ജി. യുടെ ഭാഗത്ത് നിന്ന് ഉണ്ടായിട്ടുണ്ടോ ?

ഉത്തരം

(എ) ഉണ്ട്. മോട്ടോർ വാഹന വകുപ്പിൽ സമഗ്രമായ വർക്ക്സ്റ്റഡി നടത്താൻ ഉദ്യോഗസ്ഥ ഭരണപരിഷ്ക്കാര വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ടി റിപ്പോർട്ട് കിട്ടിയാൽ ആയത് പരിശോധിച്ചതിനുശേഷം വ്യക്തമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) ഉണ്ട്.

(സി) ഉണ്ട്.

(ഡി) എ. എം. വി. ഐ. തസ്തികയിൽ നിലവിലുള്ള ഒഴിവുകളിലേക്ക് നിയമനത്തിനായി പി. എസ്. സി. യെ അറിയിച്ചിട്ടുണ്ട്.

(ഇ) 350.73 കോടി രൂപ ഫെബ്രുവരി 2000 വരെ പിരിഞ്ഞു കിട്ടിയിട്ടുണ്ട്.

(എഫ്) ഇല്ല. എന്നാൽ സി. എ. ജി. റിപ്പോർട്ടിൽ ഫീൽഡ് ചെക്കിംഗിന്റെ അപര്യാപ്തതയെക്കുറിച്ചും പരാമർശമുണ്ട്..

(ജി) 1998-ലെ സി. ആന്റ് എ. ജി. റിപ്പോർട്ടിൽ വാഹന നികുതി പിരിവിനെ സംബന്ധിച്ച് അക്കൗണ്ടന്റ് ജനറൽ നടത്തിയ റിവ്യൂ റിപ്പോർട്ട് ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിൽ വാഹന നികുതി പിരിച്ചെടുക്കാൻ ആവശ്യമായ നടപടികൾ കൃത്യമായി നടക്കുന്നില്ലെന്ന് പരാമർശിച്ചിട്ടുണ്ട്.

മോട്ടോർ വാഹന വകുപ്പിലെ അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ തസ്തികയിലേക്ക് ആശ്രിത നിയമനം

75 (3607) ശ്രീ. പി. ജെ. ഫ്രാൻസിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മോട്ടോർ വാഹനവകുപ്പിലെ അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ തസ്തികയിലേക്ക് മറ്റ് ഡിപ്പാർട്ടുമെന്റിൽ ജോലി ചെയ്തവെ മരിച്ചു പോയവരുടെ ആശ്രിതർക്ക് ഇപ്പോൾ നിയമനം നൽകുന്നുണ്ടോ ;

(ബി) ഇല്ലെങ്കിൽ അവസാനം ഇത്തരത്തിൽ നിയമനം നൽകിയത് ഏതു വർഷമാണെന്ന് വെളിപ്പെടുത്തുമോ ;

(സി) ഡൈ-ഇൻ-ഹാർനസ്സ് വഴി ഈ വകുപ്പിൽ ഇതുവരെ എത്രപേരെ പ്രസ്തുത തസ്തികകളിൽ നിയമിച്ചിട്ടുണ്ട് ;

(ഡി) മോട്ടോർ വാഹന വകുപ്പിലേയ്ക്ക് ഇന്റർ ഡിപ്പാർട്ടുമെന്റ് ട്രാൻസ്ഫർ നൽകാറുണ്ടോ ;

(ഇ) മോട്ടോർ വാഹനവകുപ്പിൽ 1975 നുശേഷം പി. എസ്. സി മുഖേന എത്ര എ. എം. വി. ഐ. മാരെ നിയമിച്ചിട്ടുണ്ട് ;

(എഫ്) മോട്ടോർ വാഹനവകുപ്പിൽ 1975 നുശേഷം സാങ്കേതിക വൈദഗ്ധ്യം നേടിയ എത്ര ക്ലാർക്കുമാർക്ക് എ. എം. വി. ഐ. ആയി പ്രൊമോഷൻ നൽകിയിട്ടുണ്ട്?

LIBRARY ARCHIVES Kerala Legislative Assembly